## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 4547** **28.06.2013- ലെ മറുപടിയ്ക്ക്**

# സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.കുഞ്ഞമ്മദ് മാസ്റ്റർ:

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്**

(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സർക്കാർ വകുപ്പുകളിൻ കീഴിൽ ഏതെല്ലാം രംഗത്ത് ഏതെല്ലാം സ്വകാര്യ പങ്കാളികളുമായി പദ്ധതി നടപ്പിലാക്കാൻ ഇതിനകം ധാരണയായിട്ടുണ്ട് ; ഓരോ പദ്ധതിയിലെയും സർക്കാർ പങ്കാളിത്തം എത്ര ശതമാനം വീതം ; എന്ത് തുകയാണ് ;

(സി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികളിൽ നടപ്പാക്കിയവ ഏതൊക്കെയാണ് ; വിശദമാക്കുമോ?

(എ) യും (ബി) യും (സി) യും

പദ്ധതികൾ ഏതെല്ലാമെന്ന് തീരുമാനിച്ചിട്ടില്ല. അഞ്ചു കോടിരൂപയ്ക്ക് മേൽ നിക്ഷേപം ആവശ്യമുള്ള പ്ളാൻ പ്രോജക്ടുകളുടെ പരിശോധന സംസ്ഥാന ആസൂത്രണ ബോർഡിലെ പ്രോജക്ട് ഫിനാൻസിംഗ് സെൽ നിർവ്വഹിക്കുന്നുണ്ട്. സംസ്ഥാനത്തെ നിക്ഷേപം വലിയ തോതിൽ ഉയർത്തുന്നതിലേയ്ക്കായി ബജറ്റ് വിഹിതത്തിന് ഉപരിയായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ളതും കൂടാതെ പൊതു സ്വകാര്യ പങ്കാളിത്തമടക്കമുള്ള മേഖലകളിൽ നിന്ന് നിക്ഷേപം ആകർഷിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുകയും അത്തരം പദ്ധതി നിർദ്ദേശങ്ങളുടെ ധനപരവും സാങ്കേതികവുമായ പ്രവർത്തനക്ഷമത വിലയിരുത്തുകയും ചെയ്യുക എന്ന നിലയിൽ ഒരു ഫെസിലിറ്റേറ്ററുടെ പങ്ക് പ്രോജക്ട് ഫിനാൻസിംഗ് സെല്ല് നിർവ്വഹിക്കുന്നതാണ്. ഇപ്രകാരമുള്ള പരിശോധനകൾക്കും വിലയിരുത്തലുകൾക്കും ശേഷം പ്രോജക്ട് സംബന്ധമായ തുടർ നടപടികൾ സ്വീകരിക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെയോ സ്ഥാപനങ്ങളുടെയോ ചുമതലയാണ്.

**സെക്ഷൻ ഓഫീസർ**